**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1537** **03-02-2026 - ൽ മറുപടിയ്ക്ക്**

**ഫിഷ് ലാൻഡിങ് സെന്റർ നിർമ്മാണത്തിന് സ്ഥലം അളന്ന് നൽകുന്നതിനുള്ള അപേക്ഷയിന്മേലുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 സാമ്പത്തിക വർഷത്തെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കണയന്നൂർ പേട്ട വളത്തിക്കടവിലെ ഫിഷ് ലാൻഡിങ് സെന്റർ നിർമ്മാണത്തിനായി സ്ഥലം അളന്ന് തിട്ടപ്പെടുത്തി കൊടുക്കുന്നതിന് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | 2022-23 സാമ്പത്തിക വർഷത്തെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കണയന്നൂർ പേട്ട വളത്തിക്കടവിലെ ഫിഷ് ലാൻഡിങ് സെന്റർ നിർമ്മാണത്തിനായി സ്ഥലം അളന്ന് തിട്ടപ്പെടുത്തി കൊടുക്കുന്നതിന് നൽകിയ അപേക്ഷയിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി 02.11.2025-ന് കണയന്നൂർ ഭൂരേഖ തഹസിൽദാർക്ക് നിർദേശം നൽകുകയും തുടന്ന് എം.എൽ.എ , ജില്ലാ കളക്ടർ എന്നിവരുടെ സാന്നിധ്യത്തിൽ 12.01.2026 നടത്തിയ ഹിയറിംഗിൽ കണയന്നൂർ തഹസിൽദാർക്ക് (ഭൂരേഖ) പ്രസ്തുത ഭൂമി അടിയന്തിരമായി അളന്ന് തിട്ടപ്പെടുത്താൻ നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫിഷ് ലാൻഡിങ് സെന്റർ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാൽ പദ്ധതി പ്രദേശം അടിയന്തരമായി അളന്ന് തിട്ടപ്പെടുത്തി നൽകുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | 2022-23 സാമ്പത്തിക വർഷത്തെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കണയന്നൂർ പേട്ട വളത്തിക്കടവിലെ ഫിഷ് ലാൻഡിങ് സെന്റർ നിർമ്മാണത്തിനായി സ്ഥലം അളന്ന് തിട്ടപ്പെടുത്തി കൊടുക്കുന്നതിന് നൽകിയ അപേക്ഷയിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി 02.11.2025-ന് കണയന്നൂർ ഭൂരേഖ തഹസിൽദാർക്ക് നിർദേശം നൽകുകയും തുടന്ന് എം.എൽ.എ , ജില്ലാ കളക്ടർ എന്നിവരുടെ സാന്നിധ്യത്തിൽ 12.01.2026 നടത്തിയ ഹിയറിംഗിൽ കണയന്നൂർ തഹസിൽദാർക്ക് (ഭൂരേഖ) പ്രസ്തുത ഭൂമി അടിയന്തിരമായി അളന്ന് തിട്ടപ്പെടുത്താൻ നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ